**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 776** **30-01-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികൾ സഹകരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കണമെന്ന ആവശ്യം ഉന്നയിച്ച് കേന്ദ്ര സഹകരണ വകുപ്പിൽ നിന്ന് സംസ്ഥാനത്തിന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കണമെന്നാണ് നിഷ്കർച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിനായി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; | (എ) | കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**1. 'സഹകരണ മേഖലയിലെ ധാന്യ സംഭരണ പദ്ധതി'**<br><br>കേന്ദ്ര സഹകരണ മന്ത്രാലയം, നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി) മുഖേന NABCONS ന്റെ സഹായത്തോടെ തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'സഹകരണ മേഖലയിലെ ധാന്യ സംഭരണ പദ്ധതി'. പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി പാലക്കാട് ജില്ലയിലെ **കണ്ണമ്പ്ര എസ്.സി.ബി** യുടെ പേര് കേന്ദ്ര സഹകരണ മന്ത്രാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിനായി 1 ജില്ലയിൽ നിന്നും 5 സഹകരണ സംഘങ്ങളെ വീതം തിരഞ്ഞെടുത്തു നൽകുന്നതിന് അവശ്യപ്പെടുകയുണ്ടായി. ഇതേ തുടർന്ന് പദ്ധതിക്കായുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന താൽപര്യമുള്ള 5 സംഘങ്ങളെ വീതം ജില്ലകളിൽ നിന്നും കണ്ടെത്തി നൽകുന്നതിന് ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2.25 കോടി രൂപയാണ് ഒരു പദ്ധതി നടപ്പിലാക്കുന്നതിനായി കണക്കാക്കിയിട്ടുള്ളത്. പദ്ധതിക്ക് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന അർഹതയുള്ള ഇതര പദ്ധതികളുടെ സബ്സിഡി ലഭിക്കുന്നതാണ്.<br><br>**2. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി**<br><br>കാർഷിക മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ |

പദ്ധതിയാണ് "**കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്)".** ടി പദ്ധതി പ്രകാരം ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങിയ കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നതിന് നിർദ്ദേശം ലഭ്യമായിട്ടുണ്ട്. 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് 3% പലിശ ഇളവ് ലഭിക്കുന്നു. 2വർഷം മൊറട്ടോറിയം ഉൾപ്പെടെ 7 വർഷം കാലാവധി ലഭിക്കുന്നു. 2020-21 മുതൽ 2032-33വരെ പദ്ധതി പ്രവർത്തനക്ഷമമായിരിക്കും. ഒരു അപേക്ഷകന് വ്യത്യസ്ത സ്ഥലങ്ങളിൽ 25 പ്രോജക്ടുകൾ വരെ സ്ഥാപിക്കാൻ കഴിയും.

**3. പെട്രോൾ/ഡീസൽ ഔട്ട് ലെറ്റുകൾ, എൽ.പി.ജി ഡീലർഷിപ്പ് എന്നിവ ആരംഭിക്കുന്ന പദ്ധതി**

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് സിസി2 കാറ്റഗറിയിൽ പെട്രോളിയം വിതരണ കമ്പനി നിശ്ചയിച്ചിരിക്കുന്ന 17 സ്ഥലങ്ങളിൽ പെട്രോൾ/ഡീസൽ ഔട്ട് ലെറ്റുകൾ, എൽ.പി.ജി ഡീലർഷിപ്പ് എന്നിവ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണിത്. കമ്പനികൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ബെബ് സൈറ്റിൽ അപേക്ഷ സമർപ്പിക്കുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**4. ജൻ ഔഷധി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായുള്ള പദ്ധതി**

സംസ്ഥാന സർക്കാർ അനുമതി നൽകിയ മറ്റൊരു പദ്ധതിയാണിത്. എല്ലാ ജില്ലകളിലും കുറഞ്ഞത് 5 ജൻ ഔഷധി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായുള്ള പദ്ധതിയിൽ, താത്പര്യമുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഇതിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വെബ് സൈറ്റിൽ അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**5. പ്രധാൻമന്ത്രി കിസാൻ സമൃദ്ധി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി**

"പ്രധാൻമന്ത്രി കിസാൻസമൃദ്ധി കേന്ദ്രങ്ങൾ" ആരംഭിക്കുന്നതിനായി നിലവിൽ വളം വിൽപ്പന ഔട്ട് ലെറ്റുകൾ നടത്താത്ത പ്രാഥമിക കാർഷിക വായ്പാ

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങൾ ബന്ധപ്പെട്ട വളം വിൽപ്പന നടത്തുന്ന സ്ഥാപനത്തിന് അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം ഫെർട്ടിലൈസർ ലൈസൻസ് എടുക്കേണ്ടതുമാണ്. ഫെർട്ടിലൈസർ ലൈസൻസ് നിലവിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് 2023 നവംബറിനും ഫെർട്ടിലൈസർ ലൈസൻസ് ഇല്ലാത്ത പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് 31.12.2023 നുള്ളിലും നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിരുന്നു.<br>**<u>6. റൂറൽ പ്രദേശത്ത് പൈപ്പ് മുഖേന കുടിവെള്ളത്തിന്റെ വിതരണം/ അറ്റകുറ്റപ്പണികൾ നടത്തുന്ന പദ്ധതി</u>**<br>ഓരോ ജില്ലയിലും 5 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ റൂറൽ പ്രദേശത്ത് പൈപ്പ് മുഖേനയുള്ള കുടിവെള്ളത്തിന്റെ വിതരണം/ അറ്റകുറ്റപ്പണികൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണിത്. കേരളത്തിൽ നിലവിൽ കേരള വാട്ടർ അതോറിട്ടി ടി പ്രവൃത്തികൾ ചെയ്ത് വരുന്നതിനാൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈകൊണ്ടിട്ടില്ല. നിലവിൽ ടി പദ്ധതിയിൽ സമയപരിധി നിശ്ചയിച്ചിട്ടില്ല.<br>**<u>7. കോമൺ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി</u>**<br>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കീഴിൽ "കോമൺ സർവ്വീസ് സെന്ററുകൾ" ആരംഭിക്കുന്നതിനുള്ള പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കുറഞ്ഞത് 2 അക്ഷയ കേന്ദ്രങ്ങളും നിരവധി സ്വകാര്യ സംരംഭകരുടെ കോമൺ സർവ്വീസ് കേന്ദ്രങ്ങളും നിലവിലുള്ളതിനാൽ ഈ പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടില്ല. |
| (ബി) | സഹകരണ സംഘങ്ങൾക്ക് അവരുടെ മേഖലയിലുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര ഫണ്ട് കൂടി ലഭിക്കുന്ന സാഹചര്യമുണ്ടായിട്ടും അത് നേടിയെടുക്കാനുള്ള നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഫണ്ടിന്റെ കുറവ് നേരിടുന്ന ഈ കാലഘട്ടത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾക്ക് (PACS) പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള പദ്ധതി കേരളത്തിലെ PACSകൾക്ക് അനുയോജ്യമല്ലാത്തതിനാലും, സഹകരണ സംഘങ്ങളുടെ ഡാറ്റ പൂർണ്ണമായും കേന്ദ്ര ഡാറ്റാ ബേസിലേക്ക് നൽകണമെന്നതിനാലും, PACSകൾക്കായി കേരളം സ്വന്തം നിലയ്ക്ക് കോമൺ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | നേരത്തെ തന്നെ ആരംഭിച്ചിട്ടുള്ളതിനാലുമാണ് ടി പദ്ധതിയിൽ ചേർന്ന് കേന്ദ്ര ഫണ്ട് സ്വീകരിക്കാത്തത്.<br><br>നിലവിൽ സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് സിസി2 കാറ്റഗറിയിൽ പെട്രോൾ/ഡീസൽ ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിനും ജൻ ഔഷധി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമായുള്ള പദ്ധതികളിൽ കേന്ദ്ര ഫണ്ട് ലഭ്യമാണോയെന്ന് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ നിലവിൽ വ്യക്തമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാനം കേന്ദ്രത്തിന്റെ പരിഗണനക്കായി എന്തെങ്കിലും ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിർദ്ദേശിക്കുന്നതിന് തീരുമാനിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ ? | (സി) | കേന്ദ്ര സഹകരണ മന്ത്രാലയം രാജ്യത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും പൊതുവായി ഒരു മാതൃകാനിയമാവലി തയ്യാറാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ കരട് മോഡൽ ബൈലോയിലെ വ്യവസ്ഥകൾ സംബന്ധിച്ച് സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. ഇതിന്മേൽ സംസ്ഥാന സഹകരണ നിയമത്തിന് വിരുദ്ധമായ വ്യവസ്ഥകളിൽ കേരളത്തിന്റെ അഭിപ്രായവും ഭേദഗതികളും അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത അഭിപ്രായങ്ങൾ പരിഗണിക്കാതെയാണ് മോഡൽ ബൈലോ അംഗീകരിച്ചിട്ടുള്ളത്. ആയതിന്റെ പകർപ്പ് സംസ്ഥാനങ്ങളിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും നൽകണമെന്ന് അറിയിച്ച കൊണ്ട് മാതൃകാ നിയമാവലിയുടെ പകർപ്പ് കേന്ദ്ര സർക്കാർ ലഭ്യമാക്കുകയാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ